Document 2024/102797/1 - Notification - File No. 2024/37912/1 Digitally approved document; signature not required.
Approved by Dean Student Affairs on 2024-11-18 15:19:28
http://www.kuhs.ac.in
UhEDO-MHE-cRjCC-RjcI
KUHS, Thrissur

KERALA UNIVERSITY OF HEALTH SCIENCES

THRISSUR – 680 596

PHONE: 0487 – 2207650, 2207664 FAX: 0487 – 2206770

No : 37912/DSA-A1/KUHS/2024 Date : 18-11-2024

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല**

**തൃശ്ശൂർ – 680596**

**തിരഞ്ഞെടുപ്പ് വിജ്ഞാപനം**

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റുഡൻറ്സ് യൂണിയൻ 2024 ജനറൽ കൗൺസിലിലേക്ക് പ്രൈവറ്റ്, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിൽ നിന്നും പത്ത് അംഗങ്ങളെ (വനിതകൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകൾ ഉൾപ്പെടെ ) 2010 ലെ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിലെ അദ്ധ്യായം VI വകുപ്പ് 48 ഉപവകുപ്പ് 3 (v) പ്രകാരവും, സർവ്വകലാശാലയുടെ സ്ററാട്ട്യൂട്ട് പാർട്ട് സി, ലിൻഡോ കമ്മിററി നിർദ്ദേശങ്ങൾ അനുസരിച്ചും രഹസ്യ ബാലറ്റ് മുഖേന തിരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| **ക്രമ നമ്പർ** | **തസ്തികകൾ** | **തസ്തികകളുടെ എണ്ണം** |
|---|---|---|
| 1 | Member–Modern Medicine (General) | One |
| 2 | Member–Dental Science (General) | One |
| 3 | Member– Indian Systems of Medicine (General) | One |
| 4 | Member–Nursing (General) | One |
| 5 | Member–Nursing– Women (Reserved) | Two |
| 6 | Member–Pharmacy (General) | One |
| 7 | Member–Pharmacy –Women (Reserved) | One |
| 8 | Member–Other than the subjects or disciplines mentioned above (General) | One |
| 9 | Member–Other than the subjects or disciplines mentioned above – | One |

| | | |
|---|---|---|
| | Women (Reserved) | |
| | Total number of Posts | Ten |

**16-11-2024 ൽ പ്രസിദ്ധീകരിച്ച അവസാന വോട്ടർ പട്ടികയിൽ (Final Electoral Roll) ഉൾപ്പെട്ട അംഗങ്ങൾക്ക് മാത്രമേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ**. ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തിരഞ്ഞെടുപ്പ് തിയതിക്ക് മുൻപ് നഷ്ടപ്പെടുന്നവർക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായി തീരുന്നതാണ്. വോട്ടർ പട്ടിക യൂണിവേഴ്സിറ്റിയുടെ website ആയ www.kuhs.ac.in ലും നോട്ടീസ് ബോർഡിലും പരിശോധിക്കാവുന്നതാണ്.

നാമനിർദ്ദേശ പത്രിക ഫോറവും നിർദേശങ്ങളും യൂണിവേഴ്സിറ്റിയുടെ website ആയ www.kuhs.ac.in ൽ നിന്നും ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടായിരിക്കണം നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടത്. നിർദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന നാമനിർദേശ പത്രികകൾ നിരസിക്കുന്നതാണ്. നാമനിർദേശ പത്രികകൾ **23-11-2024, 03.00 PM വരെ** യൂണിവേഴ്സിറ്റിയുടെ രണ്ടാം നിലയിൽ റിട്ടേർണിംഗ് ഓഫീസറുടെ മുറിയിൽ പ്രത്യേകമായി സജ്ജമാക്കിയ പെട്ടിയിൽ നിക്ഷേപിക്കാവുന്നതാണ് . നാമനിർദേശ പത്രിക അടങ്ങിയ കവറിന് പുറത്ത് **" കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയൻ ജനറൽ കൗൺസിലിലേക്ക് , പ്രൈവറ്റ്, സ്വാശ്രയ, അൺ എയ്ഡഡ് കോളേജുകളിലെ യു.യു.സി കളിൽ നിന്നുള്ള തിരഞ്ഞെടുപ്പിന്റെ നാമ നിർ ദേശക പത്രിക "** എന്ന് എഴുതിയിരിക്കേണ്ടതാണ്. തപാൽ മുഖേന ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നതല്ല. സ്ഥാനാർത്ഥിക്കും സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയ വരണാധികാരിയുടെ അംഗീകാരം നേടിയതുമായ ഒരു പ്രതിനിധിക്കും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

## തിരഞ്ഞെടുപ്പ് കാര്യ പരിപാടി

| | | |
|---|---|---|
| 1 | നാമ നിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ട അവസാന തിയതിയും സമയവും | 23-11-2024, 3.00 PM വരെ |
| 2 | നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന തിയതിയും സമയവും | 23-11-2024, 3.45 PM |
| 3 | സാധുവായ നാമ നിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 25-11-2024, 10.30 AM |
| 4 | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയതിയും സമയവും | 25-11-2024, 3.00 PM വരെ |
| 5 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയതി | 25-11-2024, 4.00 PM |
| 6 | തിരഞ്ഞെടുപ്പ് തിയതിയും സമയവും സ്ഥലവും | 30-11-2024, 10.00 AM മുതൽ 1.00 PM വരെ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആസ്ഥാനത്തെ ഇവാല്യുവേഷൻ സെന്റർ,മുളങ്കുന്നത്തുകാവ്,തൃശ്ശൂർ,പിൻ.680596 |

Document 2024/102797/1 - Notification - File No. 2024/37912/1 Digitally approved document; signature not required.
Approved by Dean Student Affairs on 2024-11-18 15:19:28
http://www.kuhs.ac.in
UhEDO-MHE-cRjCC-RjcI
KUHS, Thrissur

| | | |
|---|---|---|
| 7 | വോട്ടെണ്ണൽ നടത്തുന്ന തിയതിയും സമയവും | 30–11–2024, 2.30 PM മുതൽ |
| 8 | ഫല പ്രഖ്യാപനം നടത്തുന്ന തിയതി | 30–11–2024 (വോട്ടെണ്ണൽ കഴിഞ്ഞാലുടൻ) |

ഡീൻ (സ്റ്റുഡൻറ് അഫയേഴ്സ്) & റിട്ടേണിങ്ങ് ഓഫീസർ

തൃശ്ശൂർ

16.11.2024

ഉള്ളടക്കം:– നാമനിർദ്ദേശ പത്രിക, നിർദ്ദേശങ്ങൾ, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അപേക്ഷ.

http://www.kuhs.ac.in
UhEDO-MHE-cRjCC-RjcI
Document 2024/102797/1 - Notification - File No. 2024/37912/1
Approved by Dean Student Affairs on 2024-11-18 15:19:28 Digitally approved document; signature not required.
KUHS, Thrissur